**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മരാമത്ത് പ്രവൃത്തികൾക്ക് (ടാറിംഗ്) ബിറ്റുമിൻ വാങ്ങുന്നതിനുള്ള നിർദ്ദേശം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ)നം. 692/2017/തസ്വഭവ　　　　തീയതി, തിരുവനന്തപുരം, 14.03.2017.

പരാമർശം :- 1) സ.ഉ(എം.എസ്)നം.04/2016/തസ്വഭവ തീയതി 11.01.2016.

2) സ.ഉ(സാധാ)നം. 3049/2016/തസ്വഭവ തീയതി 8/11/2016

3) സ.ഉ.(സാധാ)നം. 564/2017/തസ്വഭവ തീയതി 01/03/2017

4) 01.03.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ പൊതു വിഷയം 11 ാം നമ്പർ തീരുമാനം.

**ഉത്തരവ്**

പരാമർശം (2)ലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടാർ വാങ്ങി നല്കുന്നതിനുള്ള പ്രവൃത്തിയുടെ അടങ്കൽ തുക 15 ലക്ഷം രൂപയിൽ നിന്നും 30 ലക്ഷമാക്കി ഉയർത്തുകയും, കരാറുകാർ ടാർ വാങ്ങുകയാണെങ്കിൽ കർശനമായി ഒറിജിനൽ ബിൽ സമർപ്പിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

2. പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളുടെ ഭാഗമായി നടത്തുന്ന മരാമത്ത് പ്രവൃത്തികൾക്ക് ബിറ്റുമിൻ ആവശ്യപ്പെടുന്ന കോൺട്രാക്ടർമാർക്ക് ബിറ്റുമിൻ വാങ്ങി നല്കുന്നതിന് നടപടിക്രമങ്ങൾ നിർദ്ദേശിച്ച് ഉത്തരവായിരുന്നു.

3. പരാമർശം (4)ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്തൃസമിതി മുഖേന നടത്തുന്ന നിർമ്മാണ പ്രവർത്തികൾക്ക് ടാർ വാങ്ങിക്കൊടുക്കുമ്പോൾ ടാറിന്റെ വിലയിലുള്ള വ്യത്യാസം പരിഹരിക്കുന്നതിനായി പ്രത്യേക-പ്രോജക്റ്റ് തനത് ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കി നൽകുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എ.കെ.മോഹനകുമാർ**
**ഗവ.ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്:**-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

**ഉത്തരവിൻ പ്രകാരം**

Saradadevi

**സെക്ഷൻ ഓഫീസർ.**